# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ-ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 01.02.2012 -ന് രാവിലെ 8 മുതൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:-**

അദ്ധ്യക്ഷൻ : ശ്രീ. പി. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പു മന്ത്രി

**1. പൊതു വിഷയങ്ങൾ**

**1.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് പരിശോധന, പഞ്ചവൽസര പ്ലാൻ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ് അടിയന്തിരമായി നടത്തുന്നതിന് തീരുമാനിച്ചു.

**2. പ്രത്യേക വിഷയങ്ങൾ**

**2.1 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.59758/ഡി.ബി.1/11/തസ്വഭവ)തീയതി 01/02/12**

തൃശൂർ ജില്ലാ ആശുപത്രികളിൽ കൂടുതൽ സൗകര്യം ലഭ്യമാക്കുന്നതിന് 19 ലക്ഷം രൂപയായി എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച് വികസനഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം.2805/ഡി.ബി.1/12/തസ്വഭവ) തീയതി 01/02/12**

സ്റ്റോർ പർച്ചേസ് റൂൾസിനു പകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിട്ടുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 'ഗുഡ്സ്' എന്ന നിർവചനത്തിൽ 'ലൈവ്സ്റ്റോക്ക്' കൂടി ഉൾപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 വയനാട് ജില്ലാപഞ്ചായത്ത് (ഫയൽ നം.56097/ഡി.ബി1/11/തസ്വഭവ))തീയതി 01/02/12**

മരുന്നു വാങ്ങി നൽകുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൂടി ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.56096/ഡി.ബി1/11/തസ്വഭവ))തീയതി 01/02/12**

പ്രോജക്ടിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ ചാരിറ്റിയായി മാത്രമാണ് സേവനം നടത്തുന്നതെങ്കിൽ ആനുകൂല്യം അനുവദിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 59881/ഡി.ഡി.2/11/തസ്വഭവ) തീയതി 01/02/2012**

കാർഷിക മേഖലയിലെ 7 പദ്ധതികൾ ഉത്പാദനമേഖലയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കുന്നില്ല. പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 70535/ഡി.എ2/11/തസ്വഭവ)തീയതി 01/02/12**

കമ്പ്യൂട്ടർ വാങ്ങുന്നതിന് 10,000 രൂപ ധനസഹായം നൽകുന്നതിനു പകരം ധനസഹായം 20,000/- രൂപയായി ഉയർത്തി കമ്പ്യൂട്ടർ വാങ്ങി നൽകുന്ന പദ്ധതിയാക്കി ഡി.പി.സി. അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 നൊച്ചാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 60498/ഡി.എ2/11/തസ്വഭവ)തീയതി 01/02/12**

പശു പരിപാലന പദ്ധതി ഡയറി വകുപ്പിന്റെ നിലവിലുള്ള സ്കീം പ്രകാരം നടപ്പാക്കാവുന്നതാണ്. ഗുണഭോക്താക്കളുടെ എണ്ണവും ആകെ തുകയും ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 നാലാം ധനകാര്യ കമ്മീഷൻ ശുപാർശ (ഫയൽ നം. 53577/ഡി.എ2/11/തസ്വഭവ, 65073/ഡി.എ1/11/തസ്വഭവ)തീയതി 01/02/2012**

ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ട് പിരിവ് വർദ്ധിപ്പിക്കുന്നതിന്മേൽ ഇൻസെന്റീവ് നൽകുന്നത് സംബന്ധിച്ച ധനകാര്യ കമ്മീഷൻ ശുപാർശ പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളുമായും ധനകാര്യ വകുപ്പുമായും ചർച്ച ചെയ്ത് സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 1624/ഡി.ബി.1/11/തസ്വഭവ)തീയതി 01/02/12**

ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട കന്നുകുട്ടി പരിപാലന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളത് മേലിൽ ഇത്തരം അനുവദനീയമല്ലാത്ത പദ്ധതികൾ ഉൾപ്പെടുത്തുവാൻ പാടില്ല എന്ന നിർദ്ദേശത്തോടെ അനുവദിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 931/ഡി.എ2/11/തസ്വഭവ)തീയതി 01/02/2012**

സ്വകാര്യ സ്ക്കൂളുകൾക്ക് മൈക്ക്സെറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 കുമ്പളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 2706/ഡി.എ2/12/തസ്വഭവ) തീയതി 01/02/2012**

താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീട്ടുമുറ്റത്ത് വെള്ളം കെട്ടി നിൽക്കുന്നതൊഴിവാക്കുന്നതിനുള്ള പദ്ധതി, ഇതിനാവശ്യമായ തുക പണമായി ഗുണഭോക്താവിന് നൽകാൻ പാടില്ല എന്ന നിബന്ധനയോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 ക്രസന്റ് എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി**

**(ഫയൽ നം. 3658/ഡി.എ3/ 12/തസ്വഭവ) തീയതി 01/02/12**

ഗവൺമെന്റിതര സംഘടനകൾക്ക് അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച് മാനദണ്ഡം തയ്യാറാക്കിയശേഷം പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 56098/ഡി.ബി1/11/തസ്വഭവ)തീയതി 01/02/12**

മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര സർവേ നടത്തുന്നതു സംബന്ധിച്ച് കൂടുതൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – തെരുവുവിളക്ക് അറ്റകുറ്റപ്പണി (ഫയൽ നം. 67208/ഡി.ബി3/11/തസ്വഭവ ഫയൽ നം.69194/ഡി.എ3 /11/ തസ്വഭവ) തീയതി 01/02/12**

സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി യോഗം നടത്തി തീരുമാനിക്കുന്നതിന് പഞ്ചായത്ത്– സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയെ അധികാരപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.15 NRHM ദിവസ വേതനം ലഭിക്കുന്നത് (ഫയൽ നം. 65384/ഇ.പി.എ3/11/തസ്വഭവ) തീയതി 01/02/12**

നിലവിലുള്ള നിരക്കിൽ 31.03.2011 വരെ കുടിശ്ശിക തുക നൽകുന്നതിനും 01.04.2011 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ നൽകുന്നതിനും തീരുമാനിച്ചു. ഇതിനാവശ്യമായ തുക തനത്/പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്. ഇത്തരം പോസ്റ്റുകൾ തുടരേണ്ടതുണ്ടോയെന്നു അതതു പഞ്ചായത്തുകൾ തീരുമാനിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ മുൻയോഗ്യതാ നിർണ്ണയ പരിശോധന (ഫയൽ നം. 4406/ഡി.എ1/12/തസ്വഭവ) തീയതി 01/02/12**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 70 ലക്ഷത്തിനും 2 കോടി രൂപയ്ക്കും ഉള്ളിൽ അടങ്കൽ നൽകാവുന്ന മരാമത്ത് പ്രവൃത്തികളുടെ മുൻയോഗ്യതാ നിർണ്ണയ ദർഘാസ് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് അതത് സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായിട്ടുള്ള സബ്ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.17 ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ വിവിധ ആവശ്യങ്ങൾ (ഫയൽ നം. 5751/ഡി.ബി.3/12/തസ്വഭവ) തീയതി 01/02/12**

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്മാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം അനുവദിക്കുന്നതിന് നിലവിൽ ജില്ലാ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള വാഹനങ്ങളിൽ ഒന്നോ അല്ലെങ്കിൽ വാടകയ്ക്കോ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുവാദം നൽകുന്നു. ഇതിനാവശ്യമായ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

ഡി.പി.സി.യിൽ വൈസ് ചെയർമാൻ പദവി ഇല്ലാത്ത സാഹചര്യത്തിൽ ഈ ആവശ്യം അംഗീകരിക്കുന്നില്ല.

ഐ.ഡി. കാർഡ് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.18 ഇടവ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.3007/ഡി.എ2/12തസ്വഭവ) തീയതി 01/02/12**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തി മാത്രമേ മേലിൽ പദ്ധതി തയ്യാറാക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയോടെ ഈ വർഷത്തെ പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.19 ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.69758/എഫ്.എം.1/11/തസ്വഭവ)തീയതി 01/02/12**

പ്ലാന്റേഷൻ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള പെരുമണ്ണാമൂഴി മുതുകാട് റോഡ് നവീകരിക്കുന്ന പണി ചെയ്യുന്നതിന് ടി കോർപ്പറേഷനോട് ആവശ്യപ്പെടുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.20 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.72045/ഡി.ഡി.3/11/തസ്വഭവ)**

**തീയതി 01/02/12**

നിലമ്പൂർ താലൂക്ക് ആശുപത്രിക്ക് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന പദ്ധതി തുടർ പദ്ധതിയായി ഡി.പി.സി. അംഗീകാരത്തോടെ നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.21 കില – ജില്ലാ കോ–ഓർഡിനേറ്റർ നിയമനം (ഫയൽ നം.3429/ഐ.ബി.2/12/തസ്വഭവ) തീയതി 01/02/12**

ജില്ലകളിൽ കോഓർഡിനേറ്റർമാരായി നിയമിക്കപ്പെടുന്നതിന് കുറഞ്ഞ യോഗ്യത നിശ്ചയിക്കേണ്ടതാണെന്നും, ഒരു തെരഞ്ഞെടുപ്പുസമിതി മുഖേനയായിരിക്കണം അവരെ നിശ്ചയിക്കേണ്ടതെന്നും, എല്ലാ ചെലവുകളും ഉൾപ്പെടെ ഹോണറേറിയമായി 10,000/– രൂപ കോഓർഡിനേറ്റർമാർക്ക് നൽകാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.22 തോളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.3878/ഡി.എ 2/12/തസ്വഭവ)**

പട്ടികജാതി വിഭാഗത്തിലെ കലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിന് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.23 തോളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.3878/ഡി.എ 2/12/തസ്വഭവ) തീയതി 01/02/12**

പട്ടികജാതി വിഭാഗങ്ങളുടെ നാടൻ കലാമേള സംഘടിപ്പിക്കുന്ന പദ്ധതിക്ക് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടയ്ക്കു പുറമെ</u>**

2.24 ബ്ലോക്ക് പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയത് പ്രകാരം പുതിയ വാഹനം വാങ്ങുകയോ, പകരം വാടകയ്ക്ക് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണെന്നും ഇതിനായി പ്ലാൻ ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും സ്പഷ്ടീകരണം നൽകാവുന്നതാണ്.

(യോഗം 9.A.M. ന് അവസാനിച്ചു)